# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 524 — 06.03.2012-ൽ മറുപടിക്ക്.

## സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ സംയുക്ത സംരംഭങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. കേരളത്തിൽ പ്രകൃതി വാതക വിതരണ ശൃംഖല സ്ഥാപിക്കുന്ന- -തിനുവേണ്ടി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ KSIDC-യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇന്ത്യയും ചേർന്ന് ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇപ്പോൾ ഗെയിൽ ഇന്ത്യയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും KSIDC-യും പങ്കാളികളായുള്ള കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ സംയുക്ത സംരംഭം KSRTC-ക്ക് സി.എൻജി സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഗ്യാസ് അധിഷ്ഠിത ട്രെയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കിൻഫ്ര കണ്ണൂർ ജില്ലയിലെ ഇരിണാവിൽ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിന് അവരുടെ ഒരു അക്കാദമി സ്ഥാപിക്കുന്നതിന് കിൻഫ്ര- -യുടെ കൈവശമുള്ള ഭൂമി കൈമാറു- -കയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മേയ് 2011-ൽ തുടക്കം കുറിക്കുകയും ചെയ്തു. |
| (ബി) ഇതിനായി പ്രഖ്യാപിച്ച ആക്ഷൻ പ്ലാൻ തയ്യാറായിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) ആക്ഷൻ പ്ലാൻ തയ്യാറായി വരുന്നു. |
| (സി) മുൻ സർക്കാർ ഇത്തരത്തിൽ എത്ര സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു ; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ പ്രവർത്തനം വിശദമാക്കുമോ ; | (സി) കേന്ദ്ര ഗവൺമെന്റിനു കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് & ഡവലപ്മെന്റ് ഇൻ ഡിഫൻസ് ഷിപ്പ് ബിൽഡിങ്ങ് (NIRDESH) എന്ന രാഷ്ട്രീയതലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി കോഴിക്കോട് ചാലിയത്ത് തറകല്ലിടുകയുണ്ടായി. ഇതിന്റെ |

പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള 3 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) Hindustan Aeronautics Ltd., KINFRA Park, Kasargod.
2) BEML, KINFRA Park, Palakkad.
3) Bharat Electronics Ltd., KINFRA Hitech Park, Kochi.

മേൽപ്പറഞ്ഞ 3 സംരംഭങ്ങളിൽ HAL- ന്റെയും BEML-ന്റെയും ഒന്നാംഘട്ട വികസനം പൂർത്തിയാവുകയും അവയുടെ പ്രവർത്തനം പൂർണ്ണ തോതിൽ ആരംഭിക്കു -കയും ചെയ്തിട്ടുണ്ട്. BEML-ന്റെ പ്രവർത്തനം പൂർണ്ണ തോതിൽ ആരംഭിച്ചു.

മുൻ സർക്കാർ തുടങ്ങിവച്ച മറ്റ് സംയുക്ത സംരംഭങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ആക്ഷൻ പ്ലാൻ അനുസരിച്ച് ഈ സർക്കാർ പുതിയ എത്ര സംരംഭങ്ങൾ സ്ഥാപിക്കുകയുണ്ടായി ; അവ ഏതെക്കൊയാണെന്ന് വിശദമാക്കുമോ ?

(ഡി)

1) KSIDC-യും KIOCL ലിമിറ്റഡും ചേർന്ന് കോഴിക്കോട് / കാസർഗോഡ് ജില്ലയിൽ ഇരുമ്പയിര് ഖനനം ചെയ്യുന്നതിനും ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുന്നതിനും വേണ്ടി 2011 സെപ്റ്റംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.
2) KSIDC-യും HUDCO-യും ചേർന്ന് കേരളത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതി നുള്ള സാദ്ധ്യതാ അവലോകനങ്ങ- -ൾക്കും ധനവിനിയോഗത്തിനും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി 2011 സെപ്റ്റംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.
3) കൊച്ചിയിൽ കളമശ്ശേരി HMT-യുടെ കൈവശമുള്ള ഉപയോഗിക്കാത്ത ഭൂമിയിൽ 150 ഏക്കർ സ്ഥലത്ത് ഒരു ലോജിസ്റ്റിക്ക് പാർക്കും ബാക്കിയുള്ള ഭൂമിയിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും സ്ഥാപിക്കുന്നതിനു വേണ്ടി ഒരു സംയുക്ത പദ്ധതി രൂപീകരിയ്ക്കുന്നതിനുവേണ്ടി ചർച്ചകൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം Gno. 524

## 1. TELK- NTPC

- National Thermal Power Corporation Ltd (NTPC) യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ധാരണാപത്രം അനുസരിച്ച് ടെൽക്കിന്റെ മൂലധനത്തിൽ നിന്നും 44.60% ന്റെ തത്തുല്യതുകയായ 31.34 കോടി രൂപ NTPC TELK ന് നൽകിയിട്ടുണ്ട്. സംയുക്ത കരാറിലൂടെ ഏകദേശം 188 കോടി രൂപയുടെ വികസനത്തിനാണ് TELK ലക്ഷ്യമിടുന്നത്.

- തുടർച്ചയായി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെച്ച ടെൽക്കിന്റെ net worth പൊസിറ്റീവ് ആയതിനെ തുടർന്ന്, TELK, ആഗസ്റ്റ് 2011-ൽ BIFR -ന്റെ പരിധിയിൽ നിന്നും പുറത്തു വന്നു.

- TELKന്റെ വിറ്റുവരവിലും, ലാഭത്തിലുമുണ്ടായ പുരോഗതി ചുവടെ നൽകിയിരിക്കുന്ന table-ൽ നിന്നും വ്യക്തമാകുന്നതാണ്.

(Rs. in lakhs)

| Year | Turnover with ED | Net Profit |
|---|---|---|
| 2005-06 | 12,186.18 | 174.00 |
| 2006-07 | 16,888.25 | 380.00 |
| 2007-08 | 20,547.99 | 915.01 |
| 2008-09 | 23,402.12 | 3378.00 |
| 2009-10 | 22,088.00 | 2311.00 |
| 2010-11 | 20,254.00 | 2600.00 |

കഴിഞ്ഞ 2 വർഷമായി TELK സർക്കാരിന് ലാഭ വിഹിതം നൽകിവരുന്നു.

## 2. Kerala Hi-tech Industries Ltd (KELTEC)

- സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലായിരുന്ന പൊതുമേഖലാസ്ഥാപനമായ കെൽടെക് ഇൻഡ്യാ ഗവണ്മെൻറും റഷ്യൻ ഗവണ്മെൻറും ചേർന്നുള്ള "സംയുക്ത സംരഭമായ" ബ്രഹ്മോസ് എയറോസ്പേസിന് 31st December 2007 ൽ കൈമാറി. പ്രതിരോധമേഖലയിലുള്ള കേരളത്തിലെ ആദ്യത്തെ ഉത്പാദന യൂണിറ്റാണ് ഇത്. ഈ യൂണിറ്റിൽ 2008-09 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. അതിനു ശേഷമുള്ള പുരോഗതി റിയാണിൽ ലഭ്യമല്ല.

## 3. Autokast-SFU-Indian Railways JV

- Steel Industrials Kerala Ltd (SILK) ൻെറ അനുബന്ധസ്ഥാപനമായ Autokast Ltd ഉം, ചേർത്തലയിലുള്ള SILK ൻെറ തന്നെ യൂണിറ്റായ Steel Fabrication Unit ൻെറയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയുമായി സഹകരിച്ചു സംയുക്ത മേഖലയിൽ പാസഞ്ചർ കോച്ചിനു വേണ്ടി ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണൻറ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള സംയുക്ത സംരംഭ കരാർ 28th June 2008 - ൽ കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായി 27th Feb 09 ൽ ഒപ്പുവെച്ചിരിന്നു. ഇതിൻ പ്രകാരം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന Kerala Rail Components Ltd എന്ന സംയുക്ത സംരഭത്തിൻെറ മൊത്തം ഷെയർ ക്യാപ്പിറ്റൽ 36 കോടി രൂപയാണ്. ഇതിൽ 51% ൻെറ തത്തുല്യതുകയായ 18.36 കോടി രൂപ റയിൽവേയും ബാക്കിയുള്ള 49% ൻെറ തത്തുല്യതുകയായ 17.64 കോടി രൂപ കേരള സർക്കാരും നിക്ഷേപിക്കുമെന്നാണ് കരാറിൽ പ്രതിപാദിച്ചിരിക്കുന്നത്.

- ഈ കരാർ അനുസരിച്ചുള്ള നടപടിക്രമങ്ങളുടെ ഭാഗമായി Autokast Ltd, Steel Fabrication Unit എന്നിവയെ SILK-ൽ നിന്നും Delink ചെയ്ത് സ്വതന്ത്രയൂണിറ്റുകളായി മാറ്റുകയും ചെയ്തു. തുടർന്ന് Autokast Ltd ലുള്ള SILK-ൻെറ ഷെയറുകൾ സർക്കാരിന് കൈമാറി.

- Joint venture - ൽ പറഞ്ഞിരിക്കുന്ന മാനദണ്ഡം അനുസരിച്ച് AKL- ൻെറയും SFU-ൻെറയും Electricity dues, statutory dues ഉൾപ്പെടെയുള്ള കടബാദ്ധ്യതകൾ തീർപ്പാക്കാനുള്ള നടപടികളുടെ ഭാഗമായി സർക്കാരിൽ നിന്നും നൽകിയിരുന്ന വായ്പകളെല്ലാം തന്നെ പലിശ രഹിത വായ്പകളാക്കി മാറ്റുകയും ചെയ്തു.

- ഈ സംരംഭത്തിൻെറ സർക്കാർ മുതൽ മുടക്കായ 17.64 കോടിയിൽ നിന്നും SFU ൻെറ ആസ്തിയുടെ വിലയായ 14.94 കോടി രൂപ കഴിച്ചുള്ള ബാക്കി തുക നൽകുന്നതിനുള്ള നടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയായിരുന്നു. ഈ സഹചര്യത്തിലാണ് ഈ പദ്ധതിയിന്മേൽ റെയിവേയുടെ തീരുമാനത്തിൽ കാലതാമസം നേരിട്ടത്

  കേന്ദ്ര സർക്കാർ തലത്തിലൂടെ നടത്തിയ ശ്രമങ്ങളുടെ ഭാഗമായി, റെയിൽവേ അവരുടെ തന്നെ സ്ഥാപനമായ RITES-നെ കൊണ്ട് പദ്ധതിയുടെ കാര്യക്ഷമത വീണ്ടും പഠനവിധേയമാക്കി. RITES-ൻെറ റിപ്പോർട്ട് ഇപ്പോൾ Railway Board-ൻെറ പരിഗണനയിലാണ്. ഇതിന്മേലുള്ള Railway-യുടെ തീരുമാനം ഉടൻ തന്നെ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

  2008-ൽ D-link ചെയ്ത SFU, ഒരു സ്വതന്ത്ര സ്ഥാപനമായി ദീർഘകാലം നിലനിൽക്കുന്നതിന് നിയമപരമായും പ്രാവർത്തികപരവുമായ ബുദ്ധിമുട്ടുകൾ കാരണം ഇതിൻെറ മേൽനോട്ടം SILK-നു തിരികെ നൽകിയിരിക്കുകയാണ്. ഇതിനെ വീണ്ടും സിൽക്കുമായി സംയോജിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായെങ്കില്ലും റെയിൽവേയുടെ തീരുമാനത്തിനനുസൃതമായി BIFR-ൻെറ അനുമതിയോട് കൂടിമാത്രമേ ഇത് നടപ്പിൽ വരുത്തുവാൻ സാധ്യമാകുകയുള്ളു

## SCL - SAIL JV

- കേരളത്തിലെ ഒരേയൊരു മിനി സ്റ്റീൽ പ്ലാൻറ് യൂണിറ്റായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലയിലെ നവരത്ന കമ്പനികളിലൊന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരഭത്തിൻെറ ധാരണാപത്രം 03-05-2008-ൽ ഒപ്പുവയ്ക്കുകയും തുടർന്ന് SCL ഉം SAIL ഉം തമ്മിലുള്ള സംയുക്തസംരഭ കരാർ 10-12-2008 ൽ തിരുവനന്തപുരത്ത് വച്ച് ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന്

SAIL 5 കോടി രൂപ working capital advance ആയി SCL ന് നൽകി.

- SCL – SAIL സംയുക്ത സംരംഭം ഉൾക്കൊള്ളുന്ന പുനഃരുദ്ധാരണ പദ്ധതിയ്ക്ക് ബി.ഐ.എഫ്.ആർ 10-06-2010ൽ നടന്ന ഹിയറിംഗിൽ അംഗീകാരം നൽകിയിട്ടുണ്ട്. കമ്പനിയുടെ ദീർഘകാല നിലനിൽപ്പിനനിവാര്യമായ സംയുക്ത സംരംഭത്തിൻെറ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന പോലെ SCL നെ അതിൻെറ ബാധ്യതകളിൽ നിന്നും ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് സംയുക്ത സംരംഭത്തിൻെറ നടത്തിപ്പിലേയ്ക്കായി ബോംബെ സ്റ്റൊക്ക് എക്സ്ചേഞ്ചിൽ നിന്നും കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നും പൂർണമായി delist ചെയ്യപ്പെട്ടു.

- കൂടാതെ തന്നെ വാർഷികമായി 65,000 MT ഉത്പാദന ശേഷിയുള്ള 8mm – 25mm ൻെറ TMT bars നിർമ്മിക്കുവാൻ സാധിക്കുന്ന ഒരു TMT Rolling Mill കോഴിക്കോട് സ്ഥാപിക്കുവാനുള്ള 47.64 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഇതിൽ 7.15 കോടി രൂപ വീതം GoK യും SAILഉം, ബാക്കി തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത സംരംഭം കണ്ടെത്തുവാനാണ് പദ്ധതിയിൽ പ്രദിപാതിച്ചിരിക്കുന്നത്. പദ്ധതിയുടെ പൂർണ്ണ തോതിലുള്ള നടത്തിപ്പിൽ വന്ന കാല താമസം കാരണം പ്രോജക്ട് ചെലവുകളുടെ കണക്കുകൾ പുനർവിചിന്തനത്തിന് വിധേയമാക്കിയിരിക്കുകയാണ്. SAIL-ൻെറ വിദഗ്ദ്ധന്മാരുടെ അംഗീകാരത്തിനു ശേഷം SCL-SAIL ബോർഡ് അംഗീകാരം നൽകിയാൽ മാത്രമേ മാറ്റം വരുത്തിയ പദ്ധതിയുടെ ഇപ്പോഴത്തെ കൃത്യമായ മുതൽമുടക്ക് എത്രയാണെന്നും, അതിൽ കേരള സർക്കാരിന് എത്ര മുതൽമുടക്കാണ് വേണ്ടിവരുമെന്നും പറയുവാൻ സാധ്യമാകുകയുള്ളു.

- സ്റ്റീൽ കോംപ്ലക്സിൻെറ ഇപ്പോഴത്തെ പ്രവർത്തനം ലാഭകരമായി പ്രവർത്തിക്കുവാനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി സെയിലിൽ നിന്നും സാങ്കതിക വിദഗ്ദ്ധന്മാരുടെ പ്രവർത്തനം SCL-ന് നൽകി വരുന്നു. എന്നിരുന്നാലും കമ്പനി പ്രതീക്ഷിച്ച രീതിയിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നില്ല. ഇപ്പോഴും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനമൂലധനത്തിൻെറ അഭാവവും SCL-ൻെറ പ്രവർത്തനത്തെ സാരമായി ബാധിച്ചു കഴിഞ്ഞു. 50:50 എന്ന അനുപാതത്തിലെ സംയുക്ത സംരംഭമായതിനാൽ SAIL-ൽ നിന്നും ആവശ്യമുള്ള വേഗത്തിൽ സഹായം ലഭ്യമാകുന്നില്ല. JV- ലേക്കുള്ള നിക്ഷേപത്തിനു, സർക്കാരിനും വേഗത്തിലുള്ള ഒരു തീരുമാനം സാദ്ധ്യമാകുന്നില്ല.

ഈ സാഹചര്യത്തിലാണ് SAIL-ന്റെ കൃത്യമായ മേൽനോട്ടവും, സഹകരണവും ലഭ്യമാകുന്ന രീതിയിൽ ഓഹരിയുടെ അനുപാതത്തിൽ ഒരു പുനർവിചിന്തനമാണെന്നും തോന്നി അതിലേയ്ക്കായി സർക്കാരിൽ നിന്നും ശ്രമം തുടങ്ങിയിട്ടുണ്ട്.

- ഇന്ത്യയിലെ നവരത്ന കമ്പനിയായ സെയിലുമായിട്ടുള്ള സംയുക്ത സംരഭം വഴി SCL-ന് നല്ലൊരു ഭാവിയാണ് വാഗ്ദാനം ചെയ്യപ്പെടുന്നത്.

## 5. KEL - BHEL JV

- Kerala Electrical & Allied Engg. Co.Ltd ന്റെ കാസർഗോടുള്ള യൂണിറ്റും, Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരംഭത്തിനായി കേരള സർക്കാരും BHEL മായി 03-02-2009-ൽ MOUൽ ഏർപ്പെട്ടു. തുടർന്നു കെല്ലിന്റെ കീഴിലുള്ള കാസർഗോഡ് യൂണിറ്റ് 28-03-2011 ൽ ഭെല്ലിനു കൈമാറുകയും പുതിയ സംരഭം BHEL-EML എന്നപേരിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.